നമ്പർ. സി.പി(6)18865/2014 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, തീയതി : 02.07.2014

Email: keralarcs.coop@kerala.gov.in

website : www.cooperation.kerala.gov.in

## സർക്കുലർ നമ്പർ. 37/2014

വിഷയം : സഹകരണ വകുപ്പ് - പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ NABARD ൽ നിന്നും മറ്റ് ധനകാര്യ ഏജൻസികളിൽ നിന്നും നേരിട്ട് ധനസഹായം സ്വീകരിക്കുന്നത് - നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. സഹകരണ സംഘം രജിസ്ട്രാറുടെ 26.04.2014 ലെ 17/2014 നമ്പർസർക്കുലർ

2. NABARD ന്റെ 02.05.2014 ലെ NB(Kerala)IDD 627/2014-2015/A.62 . നമ്പർ കത്ത്.

................

സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ NABARD ൽ നിന്നും നേരിട്ട് വായ്പ വാങ്ങുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നുവെങ്കിലും സൂചന (2) പ്രകാരം NABARD നൽകിയ കത്തിൽ NABARD പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് നൽകി വരുന്നത് സബ്സിഡിയോടു കൂടിയ വായ്പകളാണെന്ന് വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ NABARD ൽ നിന്നും സബ്സിഡിയോടു കൂടിയ വായ്പകൾ സ്വീകരിക്കുന്നതിന് സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അനുമതി നൽകിക്കൊണ്ട് സൂചന (1) ലെ സർക്കുലറിൽ ഭേദഗതിവരുത്തുന്നു. പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ NABARD ൽ നിന്നും വായ്പ ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരെ അറിയിക്കേണ്ടതും ഇക്കാര്യത്തിൽ തുകയുടെ വിനിയോഗം പ്രാഥമിക സംഘങ്ങളുടെ പ്രതിമാസ യോഗത്തിലും, സംഘം പരിശോധനാവേളയിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്

എസ്.ലളിതാംബിക.ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ